# കഥാപ്രസംഗം

## കലയും സമൂഹവും

ഡോ. സൗമ്യ കെ. സി.



*Malayalam*
**Kadhaprasangam: Kalayum Samoohavum**
by
**Dr. Soumya K.C.**
First Published : December, 2023

Typeset at
Beyond Publishers, Law College Jn.
Thiruvananthapuram - 35

Printed at
Vijnanamudranam Press
Thiruvananthapuram

Published by
The State Institute of Languages, Kerala,
Thiruvananthapuram - 695 003

© The State Institute of Languages, Kerala 2023

SIL /5389 ISBN 978-93-6100-616-6

Published by the State Institute of Languages Kerala, Thiruvananthapuram, under the scheme for production of text books and literature in regional languages, at the University level, sponsored by Commission for Scientific and Technical Terminology, Ministry of Human Resource Development (Department of Secondary and Higher Education), Government of India New Delhi

Price: ₹ 375 FT/ 3234

# കഥാപ്രസംഗം
# കലയും സമൂഹവും

ഡോ. സൗമ്യ കെ. സി.

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
തിരുവനന്തപുരം

# അവതാരിക

## കഥാപ്രസംഗത്തിന്റെ ചരിത്രജീവിതവും പൊതുമണ്ഡലത്തിന്റെ ആത്മകഥയും

**പ**ത്തൊമ്പതാം നൂറ്റാണ്ടിലാരംഭിച്ച മലയാളത്തിലെ അക്കാദമികഗവേഷണം പല ഘട്ടങ്ങൾ പിന്നിട്ട് സംസ്കാരപഠനം എന്ന പുതുമേഖലയിൽ എത്തിനിൽക്കുകയാണ്. ഗവേഷണത്തിന്റെ നിലവാരവുമായി ബന്ധപ്പെട്ട് അനേകം പരാതികൾ ഉയർന്നുവരുന്നുണ്ട്. എന്നാൽ വിമർശനങ്ങളെല്ലാം നിലനിൽക്കുമ്പോഴും ഒരു കാര്യം പറയാതെ തരമില്ല. നാളിതുവരെ ചിന്ത വ്യാപരിച്ചിട്ടില്ലാത്ത തീർത്തും പുതുമയുള്ള പ്രമേയങ്ങളിലേക്ക് സധൈര്യം മുന്നേറാൻ മലയാളഗവേഷണത്തിന് കഴിഞ്ഞിട്ടുണ്ട്. ഈ പ്രമേയങ്ങളെല്ലാം രാഷ്ട്രീയമൂല്യമുള്ളവയാണ് എന്നതാണ് ഏറ്റവും ശ്രദ്ധേയം. ഗവേഷണം തന്നെ ഒരു പ്രതിരോധമായി മാറുന്നതിന്റെ സൂചനകളാണ് സമകാല മലയാളഗവേഷണം നൽകുന്നത്. എന്നാൽ പുതുമയാർന്ന വിഷയങ്ങളെ അപഗ്രഥിക്കുന്നതിലും അവതരിപ്പിക്കുന്നതിലും വേണ്ട ജാഗ്രത പലപ്പോഴും നമ്മുടെ ഗവേഷണപ്രബന്ധങ്ങൾ പുലർത്തുന്നില്ല. അതുകൊണ്ടാണ് മലയാളഗവേഷണം പലപ്പോഴും വിവാദവിഷയമായിത്തീരുന്നത്. ഈ വിമർശനം നിലനിൽക്കുമ്പോൾത്തന്നെ മലയാളഗവേഷണത്തിന്റെ സമകാലപ്രസക്തിയെ ആർക്കും നിഷേധിക്കാനാവില്ല. സ്ത്രീവിമോചനം, ദളിത്-പരിസ്ഥിതി രാഷ്ട്രീയം, ക്വീർ രാഷ്ട്രീയം എന്നിങ്ങനെ ഇപ്പോൾ പൊതുസമൂഹം ചർച്ച ചെയ്തു തുടങ്ങിയിരിക്കുന്ന പല പ്രമേയങ്ങളും കേരളത്തിന്റെ സന്ദർഭത്തിൽ ആദ്യം ഏറ്റെടുത്തത് മലയാളഗവേഷണമാണ്. ഇക്കാര്യം അംഗീകരിച്ചുകൊണ്ടുമാത്രമേ ഗവേഷണത്തിനെതിരെയുള്ള വിമർശനങ്ങൾ ഉന്നയിക്കാനാകൂ.

വരേണ്യമായ സൗന്ദര്യബോധത്തിന്റെ ഇത്തിരിവെട്ടങ്ങളിൽ ഒതുങ്ങിനിന്നിരുന്ന സാഹിത്യഗവേഷണം ഇന്ന് സംസ്കാരപഠനത്തിന്റെ വിശാലമായ ആകാശങ്ങളിലേക്ക് ചിറകുവിരിച്ച് പറക്കാനാരംഭിച്ചിരിക്കുന്നു. സാഹിത്യം/സാഹിത്യേതരം എന്ന വിഭജനം പ്രശ്നവൽക്കരിക്കപ്പെട്ടിരിക്കുന്നു. സംസ്കാരപഠനത്തിന്റെ രീതി കയ്യൊഴിഞ്ഞാൽ സാഹിത്യപഠനം അർഥശൂന്യമാണെന്ന് ഇന്ന് വിലയിരുത്തപ്പെടുന്നു. അതേവിധം സാഹിത്യത്തെ പരിഗണിക്കാത്ത സംസ്കാരപഠനം തീർത്തും അപൂർണമാണെന്നും കാണാം. സംസ്കാരപഠനം സാഹിത്യാഭിരുചിയെ കെടുത്തിക്കളഞ്ഞിട്ടില്ല. മറിച്ച്, അത് പഴയ കൃതികളെപ്പോലും പുതിയ രീതിയിൽ വായിക്കാനാണ് പ്രേരിപ്പിച്ചിട്ടുള്ളത്. കഥാഖ്യാനത്തിന്റെ ലക്ഷണങ്ങളെ മനോഹ

രമായി പിന്തുടർന്ന നോവലിസ്റ്റാണ് ഒ.ചന്തുമേനോൻ എന്ന് ആദ്യകാല സാഹിത്യനിരൂപണം വിലയിരുത്തി. എന്നാൽ കോളനിയനന്തരസംസ്കാരപഠനം ചന്തുമേനോനെ കേരളീയാധുനികതയുടെ സന്ദിഗ്ധസ്ഥാനമായി കണക്കാക്കി. അതോടെ *ഇന്ദുലേഖ* പുതിയതരത്തിൽ വായിക്കപ്പെട്ടു. യൂറോപ്പിൽ ഷേക്സ്പിയർ, വേഡ്സ് വർത്ത് തുടങ്ങി നമുക്കു പരിചിതരായ പല എഴുത്തുകാരും പുതുരീതിയിൽ വായിക്കപ്പെടാൻ തുടങ്ങിയത് സംസ്കാരപഠനത്തിന്റെ സന്ദർഭത്തിലാണ്. അതുകൊണ്ടാണ് സംസ്കാരപഠനം സാഹിത്യപഠനത്തെ തളർത്തുകയല്ല ശക്തിപ്പെടുത്തുകയാണ് ചെയ്യുന്നത് എന്നുപറഞ്ഞത്.

സാഹിത്യപഠനം പ്രധാനമായും കൃതികളിലും കർത്താക്കളിലും ഒതുങ്ങി നിന്നപ്പോൾ സംസ്കാരപഠനം വ്യാവഹാരികതയിലേക്ക് പടർന്നുകയറി. അതോടെ കൃതി, കർത്താവ്, വായന, പ്രസാധനം, വിമർശനം, വിവർത്തനം, ചരിത്രം എന്നിവയെല്ലാം പരസ്പരം ബന്ധിക്കപ്പെട്ടു. ഇവ്വിധം മലയാളഗവേഷണം അന്തർവൈജ്ഞാനികമാകാൻ നിർബന്ധിതമായി. ഈ സന്ദർഭത്തിലാണ് ഘടനാവാദാനന്തര ചിന്തകൾ സാഹിത്യഗവേഷണത്തിലേക്ക് കടന്നുവരുന്നത്. ഗവേഷണവിഷയത്തെ സമീപിക്കാനുള്ള നോട്ടസ്ഥാനമാണ് സിദ്ധാന്തം. ആത്മനിഷ്ഠത/വസ്തുനിഷ്ഠത, വിഷയം/വിഷയി, പാഠം/വ്യവഹാരം, എഴുത്ത്/വായന തുടങ്ങിയ ദ്വന്ദ്വകൽപ്പനകളെല്ലാം പുതിയ സിദ്ധാന്തപരിസരത്തോടെ അപ്രസക്തമായി. ചരിത്രവും പാഠവും തമ്മിലുള്ള പരസ്പരബന്ധത്തെ റിയലിസ്റ്റ് കാലഘട്ടത്തിൽത്തന്നെ നാം തിരിച്ചറിഞ്ഞിരുന്നു. കേരളത്തിന്റെ സന്ദർഭത്തിൽ ജീവൽസാഹിത്യപ്രസ്ഥാനമാണ് ഈ ആശയത്തെ ഉറപ്പിച്ചത്. എന്നാൽ ചരിത്രം സാഹിത്യകൃതിയിൽ നിഴലിക്കുന്നു എന്ന യാന്ത്രികവാദമാണ് അവർ സ്വീകരിച്ചത്. യഥാർഥത്തിൽ മറ്റു പല വ്യവഹാരങ്ങളുമെന്നതുപോലെ കല ചരിത്രത്തെയും ചരിത്രം കലയെയും പരസ്പരം നിർമിക്കുകയാണ് ചെയ്യുന്നത്. സംസ്കാരവും സാഹിത്യവും തമ്മിലുള്ള യാന്ത്രിക പ്രതിഫലനാത്മക സിദ്ധാന്തത്തിൽനിന്നും പരസ്പരനിർമാണതത്വത്തിലേക്ക് നമ്മുടെ വിമർശനം വികസിക്കുന്നത് സംസ്കാരപഠനത്തിന്റെ സന്ദർഭത്തിലാണ്.

സംസ്കാരത്തെ ഒരു ചിഹ്നവ്യവസ്ഥയായി കാണുകയും അതിൽ നടക്കുന്ന അർഥോൽപാദന പ്രക്രിയയെ വിശദീകരിക്കുകയും ചെയ്യുന്ന സംസ്കാരപഠനത്തിന്റെ മാതൃകകളുണ്ട്. റൊളാങ് ബാർത്തിന്റെ സംസ്കാരവിശകലനം ഇത്തരത്തിലുള്ളതാണ്. സ്റ്റിപ്ടീസ് മുതൽ രാഷ്ട്രീയ ഫോട്ടോഗ്രാഫുകൾ വരെ ബാർത്തിന്റെ വിശകലനത്തിന്റെ പരിധിയിൽ വന്നിട്ടുണ്ട്. സമകാലകമ്പോളജീവിതമാണ് അദ്ദേഹത്തിന്റെ പഠനമേഖല. എന്നാൽ കുറേക്കൂടി ചരിത്രപരവും വിമോചനാത്മകവുമായ സംസ്കാരപഠനത്തിന്റെ മാതൃകയാണ് റെയ്മണ്ട് വില്യംസ് ഉൾപ്പെടെയുള്ള ബ്രിട്ടീഷ് മാർക്സിസ്റ്റുകൾ മുന്നോട്ടുവെച്ചത്. സംസ്കാരത്തെ ഭൗതികമായി കാണാനും അതിനകത്ത് പ്രവർത്തിക്കുന്ന അധികാരസ്വരൂപത്തെ വിശകലനം ചെയ്യാനും മാർക്സിസ്റ്റ് സമീപനം



സ്വീകരിക്കുകയുമാണ് ഇവർ ചെയ്യുന്നത്. അതേസമയം രണ്ടാംലോകയുദ്ധത്തിന്റെ സാഹചര്യത്തിൽ ജനപ്രിയസംസ്കാരത്തെക്കുറിച്ചുള്ള ആശങ്കകൾ പങ്കുവെച്ചുകൊണ്ട് പ്രത്യയശാസ്ത്രവിമർശനം നിർവഹിച്ച ഫ്രാങ്ക്ഫർട്ട് ചിന്തകരും സംസ്കാരപഠനത്തിന് മൗലികമായ സംഭാവനകൾ നൽകിയിട്ടുണ്ട്. മാർക്സിൽ നിന്നാരംഭിച്ച് ഫ്രാങ്ക്ഫർട്ട് ചിന്തകരിലൂടെ ചിഹ്നവിജ്ഞാനീയത്തിന്റേയും സാംസ്കാരികഭൗതികവാദത്തിന്റേയും വഴികളിലൂടെ വികസിച്ച സംസ്കാരപഠനത്തിന്റെ പശ്ചാത്തലത്തിലാണ് ഡോ. സൗമ്യ കെ.സി. *പൊതുമണ്ഡലവും ഭാവുകത്വവും കഥാപ്രസംഗകലയിലെ പരിണാമങ്ങളെ ആധാരമാക്കിയുള്ള പഠനം* എന്ന ഗവേഷണപ്രബന്ധം തയാറാക്കിയിട്ടുള്ളത്. 2019ൽ കാലിക്കറ്റ് സർവകലാശാല മലയാളകേരളപഠനവിഭാഗത്തിൽ പിഎച്ച്.ഡി ബിരുദത്തിനായി സമർപ്പിച്ച പ്രബന്ധമാണിത്. പ്രസ്തുത പ്രബന്ധത്തിന്റെ പുസ്തകരൂപത്തിലുള്ള പതിപ്പാണ് ഇവിടെ പ്രകാശിപ്പിക്കുന്നത്. പ്രധാനമായും പൊതുമണ്ഡലം, ഭാവുകത്വം എന്നീ രണ്ട് സങ്കൽപ്പനങ്ങളുടെ വെളിച്ചത്തിലാണ് ഈ പ്രബന്ധം തയാറാക്കിയിട്ടുള്ളത്. ഇതുകൂടാതെ അനുകൽപ്പനം എന്ന ആശയവും പ്രബന്ധത്തിൽ ഉപയോഗിച്ചിട്ടുണ്ട്.

മാർക്സിൽനിന്നാരംഭിച്ച വിമർശനാത്മകപാരമ്പര്യത്തിന്റെ അടിത്തറയിലാണ് സംസ്കാരപഠനം രൂപപ്പെട്ടിട്ടുള്ളതെന്ന് നേരത്തേ സൂചിപ്പിച്ചുവല്ലോ. ഈ പാരമ്പര്യത്തിലെ ശക്തമായ സാന്നിധ്യമാണ് ഹെബർമാസ്. അദ്ദേഹത്തിന്റെ 'പൊതുമണ്ഡലം' എന്ന സങ്കൽപ്പനമാണ് ഗവേഷക ഇവിടെ പ്രയോജനപ്പെടുത്തിയിരിക്കുന്നത്.

ഫ്രാങ്ക്ഫർട്ട് ചിന്തകരുടെ രണ്ടാം തലമുറക്കാരനായാണ് ഹെബർമാസ് അറിയപ്പെടുന്നത്. ഫ്രാങ്ക്ഫർട്ട് ചിന്തകർ അവതരിപ്പിച്ച വിമർശനാത്മക ചിന്തയോടുള്ള പ്രതികരണം എന്ന നിലയിലാണ് ഹെബർമാസ് തന്റെ ആശയങ്ങൾ അവതരിപ്പിച്ചിട്ടുള്ളത്. ഹെഗേലിയൻ മാർക്സിസം എന്നാണ് ഈ ആധുനിക ചിന്താപാരമ്പര്യം അറിയപ്പെട്ടത്. സദാചാരം, മതം, ശാസ്ത്രം, യുക്തി തുടങ്ങിയവയോട് വ്യത്യസ്തമായ രീതിയിൽ സമീപിക്കാൻ ഇവർക്ക് കഴിഞ്ഞു. അന്തർവൈജ്ഞാനികമായ ചിന്താപദ്ധതിക്ക് ശക്തമായ അടിത്തറയിട്ടതും ഫ്രാങ്ക്ഫർട്ട് ചിന്തകരാണ്. പ്രകൃതിശാസ്ത്രത്തിന്റെ വസ്തുസ്ഥിതിവാദപരമായ സമീപനം മാത്രമാണ് സ്വീകാര്യം എന്ന ധാരണയെ വിമർശനാത്മകചിന്ത ചോദ്യംചെയ്തു. ആത്മപ്രതിഫലനാത്മകതയാണ് വിമർശനാത്മക സിദ്ധാന്തങ്ങളുടെ സവിശേഷത. അതായത്, ഒരു സങ്കൽപ്പനത്തെ സമീപിക്കുമ്പോൾ അതിന്റെ പശ്ചാത്തലത്തെക്കൂടി വെളിപ്പെടുത്താൻ വിമർശനാത്മകചിന്തയ്ക്ക് കഴിയുന്നു. മാത്രമല്ല, ആ സങ്കൽപ്പനത്തിന്റെ സാമൂഹ്യധർമത്തെയും അതിന്റെ പ്രയോക്താക്കളുടെ താല്പര്യത്തെയും വിമർശനാത്മകചിന്ത വെളിപ്പെടുത്തുന്നു. പരമ്പരാഗത സിദ്ധാന്തങ്ങളുടെ പ്രത്യക്ഷവാദയുക്തിയെ പ്രശ്നവൽക്കരിക്കാൻ ഫ്രാങ്ക്ഫർട്ട് ചിന്തയ്ക്ക് കഴിഞ്ഞു. സിദ്ധാന്തങ്ങൾക്കു വെളിയിൽ അവയുടെ പ്രയോഗത്തിന് സജ്ജമായി നിൽക്കുന്ന വസ്തുതകളുടെ ഒരു ലോകമുണ്ടെന്ന്

വിമർശനാത്മകചിന്തകർ കരുതുന്നില്ല. യുക്തിബോധവും ശാസ്ത്രചിന്തയും പ്രകൃതിയെ കീഴ്പ്പെടുത്താനും നിയന്ത്രിക്കാനുമുള്ള ഉപായങ്ങളാണെന്ന് യൂറോപ്പ് കരുതി. ഇതിനോടുള്ള നിശിതമായ വിമർശനം ഫ്രാങ്ക്ഫർട്ട് ചിന്തകർ മുന്നോട്ടുവെച്ചു. യുക്തി എന്ന ആശയത്തിൽത്തന്നെ അധിനിവേശത്തിനുള്ള ഇച്ഛ പ്രവർത്തിക്കുന്നുണ്ടെന്ന് അഡോണോയും ഹൊക്കീമറും കരുതി. മനുഷ്യരുടെ വിമോചനവും മനുഷ്യർക്കിടയിലെ സമത്വവും സാഹോദര്യവും വിഭാവനം ചെയ്ത ജ്ഞാനോദയം മുതലാളിത്ത ചൂഷണത്തിന്റെ ആശയാടിത്തറയായി മാറുകയാണുണ്ടായത്. ഭരണകൂടത്തിന്റെയും പ്രത്യയശാസ്ത്രത്തിന്റെയും പുതുരൂപങ്ങളിൽ ജ്ഞാനോദയയുക്തി പുനർജനിച്ചു. ജ്ഞാനോദയം ഒരു തടവറയായി പരിണമിച്ചു. അക്രാമകമായ യുദ്ധങ്ങളിലേക്കും സർവനാശത്തോളമെത്തുന്ന ഭീകരതകളിലേക്കും മനുഷ്യസമൂഹം എടുത്തെറിയപ്പെട്ടു. ഇക്കാര്യമാണ് *ഡയലക്ടിക്സ് ഓഫ് എൻലൈറ്റ്മെന്റ്* എന്ന കൃതിയിൽ അഡോണോയും ഹൊക്കീമറും വിശദീകരിക്കുന്നത്. ഈ ധൈഷണിക പശ്ചാത്തലത്തിലേക്കാണ് ഹെബർമാസ് കടന്നുവരുന്നത്. വിമർശനാത്മക സാമൂഹികസിദ്ധാന്തത്തിലെ അശുഭബോധത്തോട് ഹെബർമാസിന് യോജിക്കാനായില്ല. അഡോണോയും ഹൊക്കീമറും ജ്ഞാനോദയത്തിനകത്ത് ഒരു വിഷമവൃത്തത്തെ കണ്ടെത്തുന്നുണ്ട്. ജ്ഞാനോദയം ഒരേസമയം അസ്വാതന്ത്ര്യവും അസാധ്യതയുമാണെന്ന് ഹൊക്കീമർ പറയുന്നു. മനുഷ്യരെ ആത്മനാശത്തിൽനിന്നും അസ്വാതന്ത്ര്യത്തിൽനിന്നും വിമോചിപ്പിക്കാൻ ജ്ഞാനോദയത്തിനേ കഴിയൂ. എന്നാൽ മനുഷ്യസമൂഹത്തിന്റെ സ്വാതന്ത്ര്യം യുക്തിയിൽ അധിഷ്ഠിതമായ അവരുടെ പ്രവർത്തനങ്ങളിലൂടെ മാത്രമേ നേടാനാകൂ. അതായത് യുക്തിയെന്നത് സ്വാതന്ത്ര്യത്തിലേക്കും അടിമത്തത്തിലേക്കും നയിക്കാവുന്ന ഒരു വിചാരമാതൃകയായി മനുഷ്യചിന്തയിലേക്ക് കടന്നുവരുന്നു. ഇതിനെയാണ് അഡോണോയും ഹൊക്കീമറും വിഷമവൃത്തം എന്നു പറഞ്ഞത്. എന്നാൽ രക്ഷപ്പെടാനാകാത്ത ഈ അവസ്ഥ ജ്ഞാനോദയത്തിലുൾച്ചേർന്നതല്ലെന്നും അത് ഫ്രാങ്ക്ഫർട്ട് ചിന്തകരുടെ വിശകലനത്തിൽ കടന്നുകൂടിയതാണെന്നും ഹെബർമാസ് പറയുന്നു.

*Structural Transformation of The Public Sphere: An Inquiry into a Category of Bourgeois Society* (1962) ആണ് ഹെബർമാസിന്റെ പ്രധാന രചന. വിമർശനാത്മക ചിന്തയെക്കുറിച്ച് അഡോണോയും ഹൊക്കീമറും അവതരിപ്പിച്ച ആശയങ്ങളോടുള്ള പ്രതികരണമാണ് ഈ കൃതി. അന്തർവൈജ്ഞാനികമായി രചിക്കപ്പെട്ട ഈ കൃതിയിൽ പുരോഗമനസ്വഭാവമുള്ളതും യുക്തിപൂർണവുമായ ചര്യകൾ നിലനിൽക്കുന്നതുമായ ആധുനികസമൂഹത്തെയാണ് അടയാളപ്പെടുത്താൻ ശ്രമിക്കുന്നത്. ആഭ്യന്തരവിമർശനത്തിന്റേതായ ഒരു പദ്ധതിയാണ് ഹെബർമാസ് പിൻപറ്റുന്നത്. ഹെഗലിൽനിന്നും മാർക്സിൽനിന്നും നിർധാരണം ചെയ്തെടുത്തതാണ് ഈ സമീപനമെന്ന് പലരും നിരീക്ഷിച്ചിട്ടുണ്ട്. വിമർശനാത്മകചിന്തയിൽ വിമർശവിഷയം അതിന്റെ തന്നെ സ്വരൂപയുക്തിയിലാണ് വിശകലനം ചെയ്യപ്പെടുന്നത്. വിഷയത്തെ



അതിവർത്തിക്കുന്ന മൂല്യങ്ങളുടേയോ മാനകങ്ങളുടേയോ അടിസ്ഥാനത്തിലല്ല അത് വിശകലനം ചെയ്യപ്പെടുന്നത്. 'പൊതുമണ്ഡലം' എന്ന് വിളിക്കുന്ന ഒരു സംവർഗത്തിന്റെ ആഭ്യന്തരവിമർശനമാണ് ഹെബർമാസ് നിർവഹിക്കുന്നത്. തുറന്നതും സുതാര്യമായതും പരസ്യപ്പെടുത്തപ്പെട്ടതുമായ ഒന്നാണ് പൊതുമണ്ഡലം. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം തുടങ്ങിയ പ്രബുദ്ധതയുടെ ആദർശങ്ങൾ 'പൊതുമണ്ഡല'ത്തിൽ അന്തർഹിതമാണ്. ഈ ആദർശങ്ങൾ തന്നെയാണ് ആഭ്യന്തരവിമർശനത്തിന്റെ മാനകങ്ങളായി പ്രവർത്തിക്കുന്നത്. ഇന്ത്യൻ സമൂഹത്തെ ഉദാഹരണമായെടുത്താൽ ദേശീയപ്രസ്ഥാനത്തിന്റെ കാലത്താണ് പൊതുമണ്ഡലം എന്ന ആശയവുമായി നാം പരിചയപ്പെടുന്നത്. സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം തുടങ്ങിയ ആശയങ്ങൾ ഇന്ത്യൻ സാമൂഹ്യജീവിതത്തിൽ പ്രമേയമായി വരുന്നതും ഇക്കാലത്താണ്. വർണാശ്രമവ്യവസ്ഥയാൽ നിയന്ത്രിക്കപ്പെട്ട ഇന്ത്യൻ സമൂഹത്തിൽ സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം തുടങ്ങിയ ആശയങ്ങൾ അപരിചിതമായിരുന്നു. ഇന്ത്യൻ ജനത പൊതുവായി പങ്കിടുന്ന ഒന്നും ഉണ്ടായിരുന്നില്ല. ബ്രിട്ടീഷുകാരിൽനിന്നുള്ള സ്വാതന്ത്ര്യം എന്നതായിരുന്നു അവർ പൊതുവായി പങ്കിട്ട ഒന്നാമത്തെ ആശയം. അതിന്റെ ഭാഗമായാണ് വിഭവങ്ങളിലും അവസരങ്ങളിലുമുള്ള തുല്യാവകാശം എന്ന ആശയം കടന്നുവരുന്നത്. സമത്വവും സ്വാതന്ത്ര്യവും സാക്ഷാൽക്കരിക്കപ്പെടണമെങ്കിൽ സാഹോദര്യം എന്നത് പൗരസമൂഹത്തെ ചേർത്തുനിർത്തുന്ന ധർമമായി അംഗീകരിക്കപ്പെടണം. പൗരരുടെ പ്രവൃത്തികൾ സുതാര്യമായിത്തീരുകയും അവ സാമൂഹികമായി വിലയിരുത്തപ്പെടുകയും വേണം എന്ന ആശയവും ഉണ്ടാകുന്നത് ഇക്കാലത്താണ്. അതായത് സമൂഹത്തിന്റെ ഘടനാപരമായ പരിണാമത്തിന് ഉപോൽബലകമായിത്തീരുന്നത് പൊതുമണ്ഡലരൂപീകരണമാണ്. മറ്റൊരർഥത്തിൽ പൊതുമണ്ഡലത്തിന്റെ കരുത്തിനെ ആസ്പദമാക്കി സാമൂഹിക പരിവർത്തനത്തെ വിലയിരുത്താനാകും.

അച്ചടിമൂലധനവും സാക്ഷരതയും സൃഷ്ടിച്ച സാഹിതീയ പൊതുമണ്ഡലത്തിൽനിന്നാണ് യുക്തിയുടെ അടിസ്ഥാനത്തിൽ പരസ്പരം ഇടപെടുന്ന 'പൊതുജനം' രൂപപ്പെടുന്നത്. പത്രങ്ങളും വാരികകളും വായിക്കുന്നവർ പൊതുവായ ആശയങ്ങൾ പങ്കിടുന്നവരാണ്. സാമൂഹികമായി ഭിന്നഗണങ്ങളിൽപ്പെടുമ്പോഴും അവർക്ക് പൊതുവായി പങ്കിടാൻ കഴിയുന്ന ആശയങ്ങളുടെ ഒരു മണ്ഡലം സൃഷ്ടിച്ചു എന്നതാണ് അച്ചടിയുടെ സവിശേഷത. അച്ചടി സൃഷ്ടിച്ച ഈ പൊതുമണ്ഡലത്തെ സാഹിതീയപൊതുമണ്ഡലം എന്നു വിളിക്കാം. സാഹിതീയപൊതുമണ്ഡലത്തിൽ പങ്കാളികളായവർക്ക് ജാതി, മത, ലിംഗ, വർണ ഭേദങ്ങളെ അതിവർത്തിക്കാനുള്ള ശേഷി കൈവന്നു. അവർ പിന്നീട് ഒരുമിച്ചിരുന്ന് സംവാദങ്ങളിലേർപ്പെടാൻ തുടങ്ങി. ഇത് സംഘടനകൾക്കും പൊതു ഇടങ്ങൾക്കും വേണ്ടിയുള്ള ശ്രമങ്ങളിൽച്ചെന്നവസാനിച്ചു. സ്വകാര്യം/പൊതു എന്നിങ്ങനെ വ്യക്തികളുടെ താല്പര്യങ്ങൾ രണ്ടായി പകുക്കപ്പെട്ടു. കൂടുതൽക്കൂടുതൽ ജനവിഭാഗങ്ങൾ പൊതുമണ്ഡലത്തിലേക്കുള്ള

പ്രവേശനത്തിനായി നിരന്തരസമരങ്ങളിൽ ഏർപ്പെട്ടുകൊണ്ടിരുന്നു. പൊതുമണ്ഡലത്തിലേക്ക് കടന്നുവരുന്ന 'ജനത'യുടെ ഗണപരവും ഗുണപരവുമായ അഭിവൃദ്ധിയാണ് അതിന്റെ കരുത്ത് എന്നുവന്നു. പൊതുമണ്ഡലരൂപീകരണത്തിൽനിന്നാണ് പൊതുജനാഭിപ്രായം എന്ന ആശയവും ജനാധിപത്യം എന്ന സങ്കൽപ്പവും രൂപപ്പെട്ടുവരുന്നത്. സ്വതന്ത്രമായി ചിന്തിക്കുകയും ജനാധിപത്യം എന്ന ആശയത്തെ ആന്തരവൽക്കരിക്കുകയും ചെയ്ത സ്വകാര്യവ്യക്തികളാണ് പൊതുമണ്ഡലത്തിന്റെ കരുത്ത്. സ്വതന്ത്രമായി ചിന്തിക്കുന്ന വ്യക്തികൾ രൂപപ്പെട്ടു കഴിഞ്ഞാലേ ജനാധിപത്യം അർഥപൂർണമാകുകയുള്ളൂ. പൊതുമണ്ഡലത്തിന് രാഷ്ട്രീയവും സാമൂഹികവുമായ ധർമങ്ങളുണ്ടെങ്കിലും അത് ഏതെങ്കിലും പ്രത്യേക രാഷ്ട്രീയ സ്ഥാപനത്തോട് ചേർന്നുനിൽക്കുന്നതല്ല. ചുരുക്കത്തിൽ ബൂർഷ്വാ പൗരസമൂഹത്തിനും ഭരണകൂടത്തിനും ഇടയിലുള്ള അനൗപചാരികവും സാമൂഹികവുമായ ഒന്നാണ് പൊതുമണ്ഡലം.

*Structural Transformation of the Public Sphere* എന്ന കൃതി നിർവഹിക്കുന്നത് പ്രത്യയശാസ്ത്രവിമർശനമാണ്. ഹെബർമാസിനെ സംബന്ധിച്ചിടത്തോളം പ്രത്യയശാസ്ത്രമെന്നത് സാമൂഹികമായി ആവശ്യമുള്ള ഒരു മിഥ്യയാണ്. സമൂഹം അതിനെക്കുറിച്ചുതന്നെ ക്രമമായി സൂക്ഷിക്കുന്നതും നിലനിർത്തുന്നതുമായ തെറ്റായ ആശയങ്ങളും വിശ്വാസങ്ങളുമാണ് പ്രത്യയശാസ്ത്രം. ഈ വിശ്വാസങ്ങളെയും ആശയങ്ങളെയും ജീവിതത്തിലുടനീളം പുലർത്താൻ അത് സമൂഹത്തിലെ വ്യക്തികളെ പ്രേരിപ്പിക്കുന്നു. പ്രത്യയശാസ്ത്രമെന്നത് തെറ്റായ വിശ്വാസങ്ങൾ മാത്രമല്ല. അവ സ്ഥാപനവൽകൃതവും അധീശത്വപരവും വ്യാപകമായി അംഗീകരിക്കപ്പെട്ടവയുമാണ്. പ്രത്യയശാസ്ത്രത്തിന് സാമൂഹികമായ ധർമങ്ങൾ നിർവഹിക്കാനുണ്ട്. വാസ്തവത്തിൽ പ്രത്യയശാസ്ത്രം സമൂഹത്തിലെ ന്യൂനപക്ഷത്തിന്റെ താൽപ്പര്യങ്ങളെ മാത്രമേ സംരക്ഷിക്കുന്നുള്ളൂ. എങ്കിലും അത് ചൂഷിതരുടെ സമ്മതിയോടുകൂടിയാണ് സമൂഹത്തിൽ പ്രവർത്തിക്കുന്നത്. ഉദാഹരണമായി മുതലാളിത്ത സാമൂഹികവ്യവസ്ഥയെ ചരിത്രനിരപേക്ഷമായും സ്വാഭാവികമായും ഒരു ജനത മനസ്സിലാക്കുന്നുവെങ്കിൽ കുറഞ്ഞ കൂലിയിൽ അവരുടെ അധ്വാനം ചൂഷണം ചെയ്യുക എളുപ്പമായിരിക്കും. എന്നാൽ മുതലാളിത്ത സമ്പദ്വ്യവസ്ഥ ചരിത്രപരമായ പ്രക്രിയകളിലൂടെ രൂപപ്പെട്ടതാണെന്നും അതിനെ മനുഷ്യരുടെ ഇടപെടലിലൂടെ മാറ്റിത്തീർക്കാൻ കഴിയുമെന്നും ബോധ്യപ്പെട്ടുമ്പോഴാണ് അവർ പ്രത്യയശാസ്ത്രത്തിന് പുറത്തുകടക്കുന്നത്. തങ്ങൾ അനുഭവിക്കുന്ന ചൂഷണം ഘടനാപരമായ അനീതിയാണെന്ന് ഈ ഘട്ടത്തിൽ അവർ തിരിച്ചറിയുന്നു. ഇത്തരത്തിൽ സാമാന്യജനതയെ വലയം ചെയ്തിരിക്കുന്നതും സാമൂഹികമായി നിർമിക്കപ്പെട്ടതുമായ തെറ്റായ വിശ്വാസങ്ങളെ തുറന്നുകാണിക്കുന്നതിനെയാണ് പ്രത്യയശാസ്ത്രവിമർശനമെന്ന് പറയുന്നത്. മിഥ്യകൾക്ക് രൂപം നൽകുന്ന സാമൂഹികഘടനയാണ് ഇവിടെ വിമർശനത്തിനുള്ള വസ്തു.

ഹെബർമാസിനെ സംബന്ധിച്ചിടത്തോളം പൊതുമണ്ഡലമെന്നത് ഒരേ സമയം ആശയവും പ്രത്യയശാസ്ത്രവുമാണ്. വിഷയികൾ സമത്വബോധ



ത്തോടെ ഇടപെടുന്ന ഒരു സ്ഥലമാണ് പൊതുമണ്ഡലം. സത്യാന്വേഷണത്തെയും പൊതുവിഭവങ്ങളെയും പിന്തുടർന്നുകൊണ്ട് ഈ വിഷയികൾ യുക്തിപൂർവം ചർച്ചകളിൽ പങ്കെടുക്കുന്നു. തുറവി, ഉൾച്ചേർക്കൽ, സമത്വം, സ്വാതന്ത്ര്യം എന്നിവയെല്ലാം പൊതുമണ്ഡലവുമായി ബന്ധപ്പെട്ട ആശയങ്ങളുമാണ്. അതേസമയം, യൂറോപ്പിൽ രൂപപ്പെട്ടുവന്ന ബൂർഷ്വാപൊതുമണ്ഡലം പ്രാപ്യമായിരുന്നത് ചെറുന്യൂനപക്ഷത്തിന് മാത്രമായിരുന്നു. വിദ്യാഭ്യാസവും സമ്പത്തും ഇതിനുള്ള മുന്നുപാധികളായിരുന്നു. ദരിദ്രരും നിരക്ഷരരും പൊതുമണ്ഡലത്തിൽനിന്ന് പുറന്തള്ളപ്പെട്ടു. സ്ത്രീകളെയും അത് പുറത്തുനിർത്തി. അതുകൊണ്ടുതന്നെ പൊതുമണ്ഡലമെന്നത് ഉട്ടോപ്യൻ ആദർശമായി അവശേഷിച്ചു. എല്ലാവരേയും ഉൾച്ചേർക്കുക, സമത്വം പുലരുക എന്നിവ ബൂർഷ്വാ പൊതുമണ്ഡലത്തിന്റെ ആദർശങ്ങൾ മാത്രമായി ചുരുങ്ങി. ഈയർഥത്തിൽ പൊതുമണ്ഡലം എന്നത് ആശയം മാത്രമല്ല, പ്രത്യയശാസ്ത്രം കൂടിയാണ് എന്നുവരുന്നു.

ഹെബർമാസ് തന്റെ പുസ്തകത്തിൽ പൊതുമണ്ഡലത്തിന്റെ തകർച്ചയെക്കുറിച്ചുകൂടി സൂചിപ്പിക്കുന്നുണ്ട്. അച്ചടിമാധ്യമങ്ങൾ ബഹുജനമാധ്യമങ്ങളായതോടെ അവ മുതലാളിത്തത്തിന്റെ താല്പര്യങ്ങൾക്ക് കീഴടങ്ങുകയും കോർപ്പറേറ്റുകളുടെ കൈപ്പിടിയിൽ ഒതുങ്ങുകയും ചെയ്തു. അതോടെ അച്ചടിമാധ്യമങ്ങൾ നിർവഹിച്ചിരുന്ന വിമർശനാത്മകധർമം അവ കൈയൊഴിഞ്ഞു. പൊതുജനാഭിപ്രായത്തിന്റെ ആധികാരികത ചോദ്യം ചെയ്യപ്പെട്ടു. സ്വതന്ത്രചിന്തയും യുക്തിബോധവും മുതലാളിത്ത താൽപ്പര്യങ്ങൾക്ക് വഴങ്ങി. പത്രമാധ്യമങ്ങളോടൊപ്പം ജനപ്രിയസാഹിത്യവും ദൃശ്യമാധ്യമങ്ങളും കടന്നുവന്നതോടെ സ്വാതന്ത്ര്യത്തെയും മാനവികതയെയും ഉയർത്തിപ്പിടിക്കുന്നതിനു പകരം അവയെ തകർക്കുന്ന തരത്തിലുള്ള ആശയങ്ങൾ ഉത്പാദിപ്പിക്കപ്പെട്ടു. ഭരണകൂടവും സമ്പദ് വ്യവസ്ഥയും രാഷ്ട്രീയ സ്ഥാപനങ്ങളും മാധ്യമങ്ങളും ഉപയോഗിച്ചുകൊണ്ട് പിന്തുണ നേടിയെടുത്തു. സ്വകാര്യവ്യക്തികളുടെ സ്വതന്ത്രചിന്തയിൽനിന്ന് ഉരുത്തിരിഞ്ഞുവന്ന പൊതുജനാഭിപ്രായത്തിനുപകരം ഉപഭോക്തൃതാല്പര്യങ്ങളും വിമർശനരഹിതമായ ചിന്തകളും സർവൈലൻസും അരങ്ങുവാണു. പൊതുമണ്ഡലത്തിന് സംഭവിച്ച ഈ തകർച്ചയെ ഹെബർമാസ് വ്യത്യസ്തമായ രീതിയിലാണ് വ്യാഖ്യാനിക്കുന്നതെങ്കിലും അതിന് സംസ്കാര വിമർശനവുമായുള്ള ബന്ധം കാണാതിരുന്നുകൂടാ.

ജനാധിപത്യ രാഷ്ട്രീയത്തിന്റെ ഉറവിടമായി പൊതുമണ്ഡലത്തെ കാണുന്നതുകൊണ്ടാണ് ഹെബർമാസ് അതിന് തന്റെ വിശകലനത്തിൽ നിർണായകമായ സ്ഥാനം നൽകിയത്. ധാർമികവും ജ്ഞാനസിദ്ധാന്തപരവുമായ മൂല്യങ്ങളുടെയും അടിത്തറ പൊതുമണ്ഡലം ആണ്. അതായത് ആധുനിക ജനാധിപത്യത്തിന്റെ അന്തസ്സത്തയായി അംഗീകരിച്ചിട്ടുള്ള സമത്വം, സ്വാതന്ത്ര്യം, യുക്തി, സത്യം എന്നിവയുടെയെല്ലാം പ്രഭവകേന്ദ്രം പൊതുമണ്ഡലമാണ്. ഫ്രാങ്ക്ഫർട്ട് ചിന്തകരിൽനിന്ന് വ്യത്യസ്തമായി വ്യക്തിസ്വാതന്ത്ര്യത്തെയും ജനാധിപത്യസ്ഥാപനങ്ങളുമായുള്ള അതിന്റെ ബന്ധത്തെയും അതുവഴി ജനാധിപത്യരാഷ്ട്രീയത്തിന്റെയും ആധാരമായി പൊതുമണ്ഡലത്തെ കാണുന്ന

എന്നതാണ് ഹെബർമാസിന്റെ വിശകലനത്തിന്റെ പ്രത്യേകത. മുതലാളിത്ത സമ്പദ് വ്യവസ്ഥയിൽ നിന്നും രാഷ്ട്രീയമായ അതിവാദങ്ങളിൽ നിന്നും വ്യക്തികളെ എങ്ങനെ സംരക്ഷിക്കാം എന്നതാണ് ഹെബർമാസ് പര്യാലോചിച്ചത്. അഡോണോയെ പോലെയുള്ള ഫ്രാങ്ക്ഫർട്ട് ചിന്തകർ മുതലാളിത്തസമൂഹത്തിലെ ഏകാത്മക സ്വഭാവമുള്ള സ്ഥാപനങ്ങളുടെ ഉദ്ഗ്രഥനത്തെ എങ്ങനെ ചെറുക്കാം എന്നാണാലോചിച്ചത്. ഇമ്മാനുവൽ കാന്റ് ജ്ഞാനോദയത്തെക്കുറിച്ച് എഴുതിയ പ്രബന്ധത്തിൽ സൂചിപ്പിച്ച പക്വത എന്ന ആശയത്തെ ഓർമിപ്പിക്കുന്നതാണ് അഡോണോയുടെ വിമർശാവബോധം എന്ന സങ്കല്പം. വ്യവസ്ഥയെ മാറ്റി തീർക്കാൻ കഴിയുന്ന വ്യക്തികളെയല്ല അഡോണോ വിഭാവനം ചെയ്തിട്ടുള്ളത്. മറിച്ച്, വ്യവസ്ഥയോട് 'നോ'(NO) പറയുന്ന വ്യക്തികളെയാണ്. അതായത് വ്യവസ്ഥയോട് പൊരുത്തപ്പെടാതെ വിമർശബുദ്ധിയോടെ വേർതിരിഞ്ഞു നിൽക്കുന്ന വ്യക്തിയെയാണ് അഡോണോ വിഭാവനം ചെയ്തത്. അതുകൊണ്ടാണ് ഫ്രാങ്ക്ഫർട്ട് ചിന്തയിൽ നിരാശാബോധത്തിന്റെ കരിനിഴൽ വീണു കിടക്കുന്നുണ്ടെന്ന് പലരും നിരീക്ഷിച്ചത്. എന്നാൽ പൊതുമണ്ഡലത്തിലെ സ്ഥാപനങ്ങളെ ജനാധിപത്യവൽക്കരിച്ചുകൊണ്ട് വിമോചനം സാധ്യമാക്കാം എന്നുള്ള സങ്കല്പമാണ് ഹെബർമാസ് മുന്നോട്ടുവയ്ക്കുന്നത്. അതുകൊണ്ട് ഹെബർമാസിന്റെ സ്ട്രക്ച്ചറൽ ട്രാൻസ്ഫോർമേഷൻ എന്ന പുസ്തകം ജ്ഞാനോദയത്തെക്കുറിച്ച് നൽകുന്ന ചിത്രം ഡയലറ്റിക് ഓഫ് എൻലൈറ്റ്മെന്റ് എന്ന കൃതിയെക്കാൾ പ്രത്യാശാഭരിതവും തെളിച്ചമുള്ളതുമാണ്.

"പതിനെട്ടാം നൂറ്റാണ്ടിൽ സ്വകാര്യവും പൊതുകാര്യവും അകവും പുറവും എന്ന നിലയിൽ രൂപം കൊണ്ടതിനെപ്പറ്റി ഹെബർമാസ് പറയുന്നുണ്ട്...... സ്വത്വം തികച്ചും വൈയക്തികമായ പദ്ധതിയായി തിരിച്ചറിയപ്പെടുന്ന കാലമാണിതെന്ന് അദ്ദേഹം പറയുന്നു. വൈയക്തികതയുടെയും സ്വകാര്യതയുടെയും ഈ വ്യവഹാര പരിസരത്തിലാണ് പൊതുമണ്ഡലം രൂപപ്പെട്ടത്. അതായത് ബൂർഷ്വാസ്വകാര്യവ്യക്തികൾ തങ്ങളുടെ സ്വകാര്യ ജീവിതത്തിന്റെ പടികൾ ഇറങ്ങി കൂട്ടംകൂടുന്നവരായി മാറുകയും അങ്ങനെ പുതിയൊരു കൂട്ട് സാധ്യമാകുകയും ചെയ്തപ്പോഴാണ് പൊതുമണ്ഡലം ഉണ്ടാകുന്നത്." മതേതരഭാവന, ദേശരാഷ്ട്രഭാവന, കമ്പോളം എന്നിങ്ങനെ മൂന്ന് തലങ്ങളിലായാണ് വ്യക്തിവൽക്കരണം നടന്നതെന്ന് പറയുന്നു. യൂറോപ്പിന്റെ സന്ദർഭത്തിൽ ഹെബർമാസ് സൂചിപ്പിക്കുന്ന ഈ മൂന്നു തലങ്ങൾ കേരളീയ ആധുനികതയുടെ പശ്ചാത്തലത്തിലും പ്രസക്തമാണ്. ജാതി-ജന്മി-നാടുവാഴിത്തമൂല്യങ്ങളിൽ നിന്ന് കൊളോണിയൽ ആധുനികതയുടെ ജീവിതക്രമങ്ങളിലേക്ക് മലയാളി സമൂഹം കടന്നുവന്നത് നവോത്ഥാനം, സ്വാതന്ത്ര്യസമരം, തൊഴിലാളികളും കർഷകരും ഉൾപ്പെട്ട ബഹുജനങ്ങളുടെ സമരങ്ങൾ, കാർഷിക മേഖലയിൽ നിന്നും വ്യവസായിക മേഖലയിലേക്കുള്ള ഭാഗികമായ ചുവടുമാറ്റം എന്നിങ്ങനെ നിരവധി പ്രക്രിയയിലൂടെയാണ്. ഈ പ്രക്രിയയിൽ കലയും സാഹിത്യവും വഹിച്ച പങ്ക് പ്രധാനമാണ്. അച്ചടിമൂലധനത്തിന്റെ വ്യാപനം കേരളത്തിൽ



മലയാളഭാഷയെ മുൻനിർത്തിക്കൊണ്ടുള്ള ഒരു സാഹിതീയപൊതുമണ്ഡലം രൂപപ്പെട്ടുവരാൻ ഇടയാക്കി. 1847ൽ *രാജ്യസമാചാര*ത്തിന്റെ പ്രസാധനത്തോടെ ആരംഭിച്ച മലയാളത്തിലെ പത്രപ്രവർത്തനം പത്തുമുപ്പത് വർഷംകൊണ്ട് അഭൂതപൂർവമായ വളർച്ച നേടി. ആദ്യകാലത്ത് മതപരമായ പ്രമേയങ്ങളും യൂറോപ്യൻ വിശേഷങ്ങളുമാണ് പത്രങ്ങളിൽ അച്ചടിച്ച വന്നതെങ്കിൽ പിന്നീട് അത് ദേശരാഷ്ട്രത്തിന്റെ രൂപീകരണത്തിലേക്ക് നയിക്കുന്ന രാഷ്ട്രീയപത്രപ്രവർത്തനമായി മാറി. കേരളമിത്രം, കേരളപത്രിക, മലയാള മനോരമ എന്നിവയെല്ലാം രാഷ്ട്രീയപത്രപ്രവർത്തനത്തിന്റെ ആദ്യകാല മാതൃകകളാണ്. മലയാളത്തിൽ ഉണ്ടായിരുന്ന പതിനേഴ് പത്രങ്ങളിൽ ആറെണ്ണത്തിൽ ലോകവർത്തമാനങ്ങളും രാജ്യകാര്യങ്ങളുമാണ് പ്രസിദ്ധീകരിക്കുന്നത് എന്ന് കണ്ടത്തിൽ വർഗീസ് മാപ്പിള മലയാള മനോരമയുടെ ഒരു മുഖപ്രസംഗത്തിൽ പറയുന്നുണ്ട്. 1891 ഫെബ്രുവരി പതിനാലാം തീയതി മലയാള മനോരമ എഴുതിയ മുഖപ്രസംഗത്തിൽ 'ജനസമുദായത്തിന് ഏതെങ്കിലും പ്രകാരത്തിൽ ദോഷം തട്ടുന്നതായ ഏത് പ്രവൃത്തിയും എത്രയോ ഉന്നതസ്ഥിതിയിലിരിക്കുന്ന ആളുകൾ കണ്ടാലും അത് പ്രസ്താവിക്കേണ്ടത് വർത്തമാനപത്രങ്ങളുടെ പ്രധാന ധർമമാണ്'' എന്ന് പറയുന്നുണ്ട്. കൽക്കട്ടയിലെ *ആനന്ദബസാർ പത്രിക*യെ അനുകരിച്ച് ചെങ്കുളത്ത് വലിയ കുഞ്ഞിരാമമേനോൻ ആരംഭിച്ച *കേരളപത്രിക*യിൽ ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വത്തിനെതിരെയുള്ള വിമർശനം ഏറ്റെടുക്കുന്നുണ്ട്. വാർത്തകൾ ജനങ്ങളിൽ എത്തിക്കുക എന്ന പ്രാഥമിക ധർമത്തിലുപരി പൊതുജീവിതത്തിലെ ധർമാധർമങ്ങളെ അപഗ്രഥിക്കാൻ ശേഷിയുള്ള സ്വതന്ത്ര വ്യക്തികളെ രൂപപ്പെടുത്താനാണ് സാഹിതീയപൊതുമണ്ഡലം ശ്രമിച്ചതെന്ന് കാണാം. സാഹിതീയപൊതുമണ്ഡലത്തിൽ നടന്ന നിരവധി സംവാദങ്ങളും ഈ സന്ദർഭത്തിൽ സ്മരണീയമാണ്. സ്ത്രീകളുടെ വിദ്യാഭ്യാസം, ആചാരപരിഷ്കാരം, ഇംഗ്ലീഷ് വിദ്യാഭ്യാസം, സ്ഥിതിസമത്വം, ജാതിവ്യവസ്ഥ, അയിത്താചരണം എന്നിവയെപ്പറ്റിയെല്ലാമുള്ള നിരവധി സംവാദങ്ങൾ ഇക്കാലത്തെ പത്രമാസികകളിൽ നടക്കുന്നുണ്ട്. ഇവയെല്ലാം സ്വതന്ത്രമായി ചിന്തിക്കാൻ ശേഷിയുള്ള സ്വകാര്യവ്യക്തിയെ ലക്ഷ്യമാക്കി നിർവഹിക്കപ്പെട്ടവയാണ്. മറ്റൊരർഥത്തിൽ സാഹിതീയപൊതുമണ്ഡലം വ്യക്തികളുടെ സ്വകാര്യതയെയും സ്വാതന്ത്ര്യത്തെയും മാനിക്കുകയും അവർ നിർവഹിക്കുന്ന സംവാദാത്മകമായ പൊതുമണ്ഡലത്തെ വിഭാവനം ചെയ്യുകയുമാണ് ചെയ്തത്. ഈ സാഹിതീയപൊതുമണ്ഡലത്തിലാണ് വിപ്ലവാത്മകമായ ആശയങ്ങൾ ഉൾക്കൊള്ളുന്ന കഥയും നോവലും നാടകങ്ങളും ഒക്കെ ഉണ്ടായി വന്നത്. അതോടൊപ്പം കലയും ജീവിതവും തമ്മിലുള്ള ബന്ധത്തെപ്പറ്റി വലിയ തോതിലുള്ള വാദപ്രതിവാദങ്ങൾ നടന്നു. അത് പുതിയൊരു സൗന്ദര്യശാസ്ത്രത്തിന് രൂപം നൽകി.

ഈ സാഹിതീയപൊതുമണ്ഡലത്തിന്റെ ഭാഗമായാണ് കേരളത്തിൽ ഒരു പുതിയ രാഷ്ട്രീയപൊതുമണ്ഡലം ആവിർഭവിക്കുന്നത്. ഇതിൽ ഏറ്റവും പ്രധാനം ജാതിവ്യവസ്ഥ കൊണ്ട് ശിഥിലമായ കേരളീയ സമൂഹത്തെ ഒരു ആധുനിക

സമരങ്ങളാണ് . വഴി നടക്കാ
സമൂഹമാക്കിയെടുക്കാൻ വേണ്ടി നടന്ന പലതരം സമരങ്ങളാണ് . വഴി നടക്കാ
നും കളിക്കാനും കുടിക്കാനും പഠിക്കാനും തൊഴിലെടുക്കാനും പ്രാർഥിക്കാനും
വസ്ത്രം ധരിക്കാനും തുടങ്ങി ജീവിതത്തിലെ സകല പ്രവൃത്തികളിലും ബ്രാഹ്മ
ണിക്കൽ പിതൃമേധാവിത്വം പ്രവർത്തിക്കുന്നുണ്ടെന്ന് തിരിച്ചറിഞ്ഞ സന്ദർഭ
മായിരുന്നു അത്. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ ആദർശങ്ങൾ
ആധുനിക കേരളീയജീവിതത്തിന്റെ ചാലകശക്തിയായി മാറുന്നത് ഈ സന്ദർ
ഭത്തിലാണ്. ഈ രാഷ്ട്രീയ പൊതുമണ്ഡലത്തെ പിന്തുണച്ചുകൊണ്ട് സാർവലൗ
കിക മാനവികതയുടെയും വിശ്വബന്ധുത്വത്തിന്റെയും ആശയങ്ങളും ഭാവനയും
മലയാളിസമൂഹത്തിൽ പ്രചരിപ്പിക്കാൻ അക്കാലത്തെ സാഹിത്യാദികലകൾ
മുൻനിന്നു പ്രവർത്തിച്ചു . ഇക്കൂട്ടത്തിൽ പ്രധാനപ്പെട്ട ഒന്നാണ് കഥാപ്രസംഗം.

ഹരികഥാകാരനായ സി.എ.സത്യദേവൻ 1924ൽ അവതരിപ്പിച്ച *ചണ്ഡാ
ലഭിക്ഷുകി*യാണ് ആദ്യ കഥാപ്രസംഗമായി കണക്കാക്കുന്നത്. ആദ്യഘട്ട
ത്തിൽ കഥാപ്രസംഗം ചിട്ടപ്പെടുത്തുന്നതിന് കുമാരനാശാനാണ് സത്യദേവനെ
സഹായിച്ചു തുടങ്ങിയതെങ്കിലും ആശാന്റെ മരണം അതിനൊരു തടസ്സമാ
യി. തുടർന്ന്, ശ്രീനാരായണഗുരുവാണ് *ചണ്ഡാലഭിക്ഷുകി* കഥാപ്രസംഗം
ആക്കുന്നതിന് സത്യദേവനെ സഹായിച്ചത്. ധർമവിരുദ്ധമായ രാജനീതി
യെയും ബ്രാഹ്മണപുരോഹിതരുടെ ചൂഷണത്തെയും സഭ്യമായ ഭാഷയിൽ
വിമർശിക്കുന്ന സത്യദേവന്റെ കഥാപ്രസംഗത്തിന് ഗുരു എല്ലാ ആശംസ
കളും നൽകുന്നുണ്ട്. ബുദ്ധന്റെ പ്രസംഗം സമൂഹത്തെ മാറി ചിന്തിക്കാൻ
പ്രേരിപ്പിച്ചതുപോലെ കഥാപ്രസംഗത്തിനും ജനങ്ങളിൽ ഉണർവുണ്ടാക്കാൻ
കഴിയുമെന്ന് ഗുരു പ്രത്യാശിച്ചു. സത്യദേവന്റെ പാത പിന്തുടർന്നുകൊണ്ട്
കെ. കെ. വാദ്ധ്യാർ, എം. പി. മന്മഥൻ, ജോസഫ് കൈമപറമ്പൻ, പി. സി.
എബ്രഹാം, കെ. സി. കേശവപ്പണിക്കർ എന്നിങ്ങനെ പലരും കാഥികരായി
രംഗത്തുവന്നു. സാമൂഹികപ്രസക്തിയുള്ള പ്രമേയങ്ങളാണ് ഇവർ കഥാപ്രസംഗ
രൂപേണ അവതരിപ്പിച്ചത്. മുഖ്യമായും സാഹിത്യകൃതികളുടെ അനുകല്പനങ്ങൾ
ആയാണ് കഥാപ്രസംഗങ്ങൾ അവതരിപ്പിക്കപ്പെട്ടത്. ബംഗാളിസാഹിത്യവും
റഷ്യൻസാഹിത്യവും കുമാരനാശാനെപ്പോലുള്ള നവോത്ഥാനകവികളുടെ
കവിതകളും ജനം കൂടുന്നിടത്ത് കഥാപ്രസംഗരൂപത്തിൽ അവതരിപ്പിക്കപ്പെട്ടു.
ഒട്ടുമുക്കാലും നിരക്ഷരരായ ജനങ്ങൾക്കിടയിൽ സാർവദേശീയതലത്തിലുള്ള
കൃതികളിലൂടെ മാനവികതയുടെ മഹത്തായ വെളിച്ചം പ്രചരിപ്പിക്കപ്പെട്ടു.
കഥാപ്രസംഗകലയ്ക്ക് ഏറ്റവും അധികം ഉണർവുണ്ടായ കാലവും അതുതന്നെ.
പിൽക്കാലത്ത് രാഷ്ട്രീയപാർട്ടികളാണ് തങ്ങളുടെ ആശയപ്രചരണത്തിനു
വേണ്ടി കഥാപ്രസംഗത്തെ ഉപയോഗിച്ചത്. അവയേറെയും ഹാസ്യാത്മക
വും സംവാദാത്മകവും ആയിരുന്നു. ഇതിന് സമാന്തരമായി മതചരിത്രവും
പുരാണങ്ങളും മറ്റും കഥാപ്രസംഗരൂപത്തിൽ മതവിശ്വാസികളുടെ ഒത്തുചേ
രലിന്റെ ഭാഗമായി അവതരിപ്പിക്കുന്ന സമ്പ്രദായവും തുടർന്നു. ചുരുക്കത്തിൽ
തങ്ങളുടെ ആശയമണ്ഡലത്തിലേക്ക് മനുഷ്യരെ ആകർഷിക്കാൻ കഴിയുന്ന



ഒരു പ്രചരണോപാധി എന്ന നിലയിലാണ് കഥാപ്രസംഗം വർത്തിച്ചത്. സാമൂഹികജീവിതത്തിൽ കഥാപ്രസംഗത്തിന് ഉണ്ടായിരുന്ന ഈ പ്രബല സ്ഥാനം പിൽക്കാലത്ത് പതിയെ ചുരുങ്ങിവരുന്നത് കാണാം. കഥാപ്രസംഗം സ്കൂൾ കലോൽസവങ്ങളിലും യുവജനവേദികളിലും ഒരു മൽസര ഇനമായി മാത്രം പരിഗണിക്കപ്പെട്ടു. മേൽപ്പറഞ്ഞ മൂന്ന് ഘട്ടങ്ങളിലൂടെയുള്ള കഥാപ്രസംഗത്തിന്റെ ചരിത്രജീവിതം അനാവരണം ചെയ്യുന്ന ഒരു പ്രബന്ധമാണിത്. ഈ മൂന്ന് ഘട്ടങ്ങളിലും കഥാപ്രസംഗത്തിന്റെ രൂപത്തിലും അത് സൃഷ്ടിക്കുന്ന ഭാവുകത്വത്തിലും മൗലികമായ പരിണാമങ്ങൾ സംഭവിച്ചിട്ടുണ്ടെന്നാണ് ഗവേഷക നിരീക്ഷിക്കുന്നത്. കഥാപ്രസംഗം എന്ന കലാരൂപത്തിന് എന്തു കൊണ്ടാണ് കാലത്തെ അതിജീവിച്ചുകൊണ്ട് സാമൂഹികജീവിതത്തിലും അതിന്റെ സ്ഥാനം ഉറപ്പിക്കാൻ കഴിയാതെ പോയത് എന്ന ചോദ്യത്തിനുള്ള ഉത്തരം കണ്ടെത്താൻ സൗമ്യ ഈ പ്രബന്ധത്തിൽ ശ്രമിക്കുന്നുണ്ട്. ഇതിന് രണ്ട് കാരണങ്ങൾ ഉണ്ടാകാം. അതിലൊന്ന് രൂപത്തിന്റെ രാഷ്ട്രീയമാണ്. പ്രധാനമായും അനുകല്പനം എന്ന പദ്ധതിയാണ് കഥാപ്രസംഗം പിന്തുടർന്നിട്ടുള്ളത്. അതായത് സാഹിത്യത്തിന്റെ നിഴലിലാണ് കഥാപ്രസംഗം വളർന്നതും പടർന്നതും. സാമൂഹികവിമർശനമാണ് ഈ അനുകല്പനത്തിന്റെ ലക്ഷ്യം. ഹാസ്യത്തിന്റെയോ മെലോഡ്രാമയുടെയോ സവിശേഷമായ സ്പർശം കഥാപ്രസംഗത്തിന് അനിവാര്യമാണ്. ഈ സവിശേഷതകൾക്കപ്പുറം നിൽക്കുന്ന അനുഭൂതിതലത്തെ ആശ്ലേഷിക്കാൻ കഥാപ്രസംഗമെന്ന രൂപത്തിന് കഴിയില്ല. കഥാപ്രസംഗം നേരിട്ട തിരിച്ചടിയുടെ മറ്റൊരു കാരണം കേരളീയ പൊതുമണ്ഡലത്തിന് വന്ന മൗലികമായ പരിണാമമാണെന്ന് ഗവേഷക നിരീക്ഷിക്കുന്നു. കാരണം കേരളീയപൊതുമണ്ഡലത്തിന്റെ രൂപീകരണവും കഥാപ്രസംഗം എന്ന കലാസൃഷ്ടിയുടെ പിറവിയും തമ്മിൽ ബന്ധമുണ്ട്. എന്നാൽ പൊതുമണ്ഡലം പ്രധാനമായും ആശ്രയിക്കുന്നത് മതേതര ഭാവനയെയും കമ്പോളത്തിന്റെ യുക്തിയെയും ദേശരാഷ്ട്രഭാവനയെയും ആണെന്ന് നേടേ സൂചിപ്പിച്ചല്ലോ. ഈ മൂന്ന് തലങ്ങളാണ് വ്യക്തിവൽക്കരണത്തിന്റെയും അതുവഴി പൊതുമണ്ഡലത്തിന്റെയും രൂപീകരണത്തിന് ഹേതു. എന്നാൽ ഈ തലങ്ങൾക്ക് കേരളീയ ജീവിതത്തെ സംബന്ധിച്ചിടത്തോളം എത്രമാത്രം പ്രസക്തിയുണ്ടെന്ന ചോദ്യം സ്വാഭാവികമായും ഉയരുന്നു. ലൗകികവും അലൗകികവുമായ കാര്യങ്ങളെ വേർതിരിക്കുന്ന മതേതരഭാവന കേരളത്തെ സംബന്ധിച്ചിടത്തോളം അത്രമേൽ പ്രസക്തമല്ല. മതത്തോടും രാഷ്ട്രത്തോടും വിമർശനാത്മകമായ അകലം സൂക്ഷിക്കാൻ ശേഷിയുള്ള വ്യക്തികളല്ല കേരളത്തിലുള്ളത്. ശബരിമലയിലേക്കുള്ള സ്ത്രീകളുടെ പ്രവേശനം അനുവദിച്ച കോടതിവിധിയെ ചൊല്ലി പൊതുസമൂഹത്തിൽ ഉണ്ടായിവന്ന തർക്കങ്ങൾ ഇതിനെ സാധൂകരിക്കുന്നു. ജാതി വിവേചനത്തിനെതിരെയുള്ള സമരങ്ങൾ ഒരു വലിയ അളവിൽ വിജയം കണ്ടെങ്കിലും ജാതിസ്വത്വത്തിന്റെ മുദ്രകൾ പതിഞ്ഞുകിടക്കുന്ന ജീവൽശരീരങ്ങളാണ് ശരാശരി മലയാളികൾ. മലയാ

ളികളുടെ തൊഴിൽപരമായ ജീവിതം കമ്പോളത്താൽ നിർണയിക്കപ്പെടുന്ന
താണെങ്കിലും കമ്പോളം ഇവിടയൊരു ജീവിതവ്യവസ്ഥയായി മാറിയിട്ടില്ല.
ജാതി-ജന്മി-നാട്ടുവാഴിവ്യവസ്ഥയുടെ മൂല്യങ്ങൾക്കുമേൽ മുതലാളിത്തമൂല്യങ്ങൾ
വന്നു പതിച്ച സങ്കീർണ ജീവിതമാണ് മലയാളിയുടെത്. അതുകൊണ്ടുത
ന്നെ നിയമപരമായി നിർണയിക്കപ്പെട്ട തുല്യ അകലത്തിൽ നിന്നുകൊണ്ട്
പരസ്പരം ഇടപെടുകയും പൊതുവിചാരങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്ന
വ്യക്തിയുടെ ആവാസവ്യവസ്ഥയായി മാറാൻ കേരളത്തിന്റെ കമ്പോളവ്യവ
സ്ഥയ്ക്ക് ഒരു കാലത്തും കഴിഞ്ഞിട്ടില്ല. മറ്റൊന്ന് ജീവിത ഇടങ്ങളുടെ കോളനീ
കരണമാണ്. നിയമവ്യവസ്ഥയുടെ വിപുലനവും ചരക്കുവൽക്കരണത്തിന്റെ
ദ്രുതഗതിയിലുള്ള വളർച്ചയുമാണ് ഈ കോളനീകരണത്തിന്റെ ലക്ഷണങ്ങൾ.
സ്റ്റേറ്റും പ്രാദേശിക ഭരണകൂടങ്ങളും സ്വകാര്യ ഏജൻസികളും സമുദായ സം
ഘടനകളും ഇടയാധികാരത്തിലൂടെ വ്യക്തികളെ മെരുക്കിയെടുക്കുന്ന സമൂ
ഹമാണ് സമകാലിക കേരളം. ഈ ബലതന്ത്രങ്ങളാൽ നിർണയിക്കപ്പെട്ട
കർതൃസ്ഥാനങ്ങൾ വിമർശനാത്മക രാഷ്ട്രീയപ്രയോഗത്തിന്റെ ഉറവിടങ്ങ
ളാകുന്നില്ല. സ്വകാര്യത നിലനിർത്തിക്കൊണ്ട് സ്റ്റേറ്റുമായി സംവദിക്കാൻ
വ്യക്തികൾക്ക് അവസരം നൽകുന്ന ഒരു സ്ഥാനമല്ല ഇത്. ഇടയാധികാര
ത്തിലൂടെ ഭരണകൂടവും കമ്പോളവും വ്യക്തിജീവിതത്തെ കോളനീകരിച്ചു
കൊണ്ടിരിക്കുന്ന സമകാല കേരളീയസമൂഹത്തിൽ ഹെബർമാസ് വിഭാവനം
ചെയ്ത അർഥത്തിലുള്ള ഒരു പൊതുമണ്ഡലം ഇല്ലെന്നും ടി.വി.മധു നിരീക്ഷി
ക്കുന്നു. ഇത്തരമൊരു സാഹചര്യത്തിൽ പൊതുമണ്ഡലം എന്ന ആദർശ
ത്തെ കിനാവുകണ്ട് പിറന്നുവീണ കഥാപ്രസംഗത്തിന് അതിജീവിക്കാനാ
കുമോ എന്ന ചോദ്യത്തെയാണ് ഗവേഷക അഭിമുഖീകരിക്കാൻ ശ്രമിച്ചത്.

സൂക്ഷ്മമായ പ്രശ്നാപഗ്രഥനം കൊണ്ടും ഉചിതമായ രീതിശാസ്ത്രം കൊണ്ടും
ഈ പ്രബന്ധം ശ്രദ്ധേയമാണ്. ആകരസാമഗ്രികൾ സമാഹരിക്കുന്നതിൽ വേ
ണ്ടത്ര ജാഗ്രത പുലർത്തിയിട്ടുണ്ടെന്ന് പ്രബന്ധവും അതിന്റെ അനുബന്ധങ്ങളും
സാക്ഷ്യപ്പെടുത്തുന്നു. പ്രബന്ധത്തിന്റെ നിഗമനങ്ങളല്ല, അതിനുവേണ്ടി പിന്തു
ടർന്ന രീതിശാസ്ത്രവും ശേഖരിച്ച ആകര സാമഗ്രികളുമാണ് ഈ പഠനത്തെ ശ്ര
ദ്ധേയമാക്കുന്നത്. ഗവേഷണപ്രബന്ധം പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കാൻ
തയാറായ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിനെ അഭിനന്ദിക്കുന്നു. ഈ പ്രസാധനം സൗ
മ്യയുടെ ഭാവിഗവേഷണത്തിന് പ്രചോദനമായിത്തീരട്ടെ എന്നാശംസിക്കുന്നു.

**ഡോ. അനിൽ കെ. എം.**

## സഹായകഗ്രന്ഥങ്ങൾ


1) മധു ടി.വി. 2012 *കേരളവും പൊതുമണ്ഡലവും: ചില ചിന്തകൾ* മതേതരം, റാസ്ബെറി ബുക്സ്, കോഴിക്കോട്.

2) James Gordon Finlyson 2005 Habermas : *A very short Introduction, Oxford University* Press, New York.